**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2753** **12-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളുടെ സംരക്ഷണവും കർക്കിടക വാവുബലി ഒരുക്കവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ കർക്കടകവാവ് ബലിക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | **തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ കർക്കിടകവാവുമായി ബന്ധപ്പെട്ട് കീഴ് പതിവനുസരിച്ച് ബലിതർപ്പണത്തിനുള്ള പന്തലുകളും, കടവുകൾ വൃത്തിയാക്കലും, സുരക്ഷയ്ക്കായി ബാരിക്കേഡുകളും, തിരക്കു കൂടുതലുള്ള ക്ഷേത്രങ്ങളിൽ സി.സി.ടി.വി. സംവിധാനവും, ഇല്യൂമിനേഷൻ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | ക്ഷേത്രക്കുളങ്ങളുടെ നവീകരണത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവ്, കുളം, ആൽത്തറ എന്നിവയുടെ നവീകരണ പദ്ധതിയ്ക്കായി 1 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേത്ര കുളങ്ങളുടെയും, കാവുകളുടെയും നവീകരണത്തിലൂടെ പാരിസ്ഥിതിക സംരക്ഷണത്തിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (സി) | ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവുകളുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | **സംസ്ഥാനത്തെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവ്, കുളം, ആൽത്തറ എന്നിവയുടെ നവീകരണ പദ്ധതിയ്ക്കായി 1 കോടി രൂപ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേത്ര കുളങ്ങളുടെയും, കാവുകളുടെയും നവീകരണത്തിലൂടെ പാരിസ്ഥിതിക സംരക്ഷണത്തിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി കിഫ്ബി വഴി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.** |
| (ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്നതിന് ഈ സാമ്പത്തിക വർഷം ഏതെല്ലാം ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | **നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, കഴക്കൂട്ടം എന്നീ ക്ഷേത്രങ്ങളോടനുബന്ധിച്ച് കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഇടത്താവളങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ